/62416/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി ഐ.എ.എസ്)

വിഷയം: വനിത ശിശുവികസന വകുപ്പ് - സൈക്കോ സോഷ്യൽ പദ്ധതി - സ്കൂൾ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ അവലോകന യോഗം സംഘടിപ്പിക്കുന്നത് - തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ. (സാധാ) നം. 407/2022/WCDD, തീയതി : 07.09.2022

2. ഈ കാര്യാലയത്തിൽ നിന്നുള്ള 17.09.2022 തീയതിയിലെ മേൽ നം. കത്ത്.

**ഉത്തരവ് നം. DWCD/1217/2022-ICDSA6 തീയതി: 14-10-2022**

വനിതാ ശിശു വികസന വകുപ്പിലെ സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ ഏകദിന അവലോകന യോഗം സംഘടിപ്പിക്കുന്നതിനു സർക്കാർ അനുമതിയും ഫണ്ടും ലഭ്യമാക്കി സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി അവലോകന യോഗം സംഘടിപ്പിക്കുന്നതിനു ആവശ്യമായ മാർഗനിർദേശങ്ങൾ സൂചന (2) പ്രകാരം ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് നൽകിയിരുന്നു.

ഒരു ജില്ലയിൽ ഒരു അവലോകന യോഗം സംഘടിപ്പിക്കുന്നതിനു ഹാൾ വാടക ഇനത്തിൽ 2500/- രൂപയും, ജില്ലയിലെ സ്കൂൾ കൗൺസിലർമാരുടെ എണ്ണത്തിനനുസരിച്ച് ഒരാൾക്ക് ഭക്ഷണത്തിനായി (ചായ, സ്നാക്സ്, ഉച്ചഭക്ഷണം) 150/- രൂപയുമാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്. അപ്രകാരം 14 ജില്ലകൾക്ക് 4 യോഗങ്ങൾ കൂടുന്നതിനായി 7,47,200/- രൂപയാണ് സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളത്.

ആദ്യ ക്വാർട്ടർ കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ശേഷിക്കുന്ന മൂന്നു അവലോകന യോഗങ്ങൾക്കുള്ള ഫണ്ട് ചുവടെ ചേർക്കുന്ന രീതിയിൽ ജില്ല വനിതാശിശു വികസന ഓഫിസർമാരുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | കൗൺസിലർ മാരുടെ എണ്ണം | ഹാൾ വാടക(ഒരു യോഗത്തിന്) | ഭക്ഷണം (no. of counselors *150/-) | യോഗങ്ങളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | തിരുവനന്തപുരം | 78 | 2500 | 11700/- | 3 | 42600/- |
| 2 | കൊല്ലം | 87 | 2500 | 13050/- | 3 | 46650/- |
| 3 | പത്തനംതിട്ട | 47 | 2500 | 7050/- | 3 | 28650/- |
| 4 | ആലപ്പുഴ | 58 | 2500 | 8700/- | 3 | 33600/- |
| 5 | കോട്ടയം | 61 | 2500 | 9150/- | 3 | 34950/- |
| 6 | ഇടുക്കി | 69 | 2500 | 10350/- | 3 | 38550/- |
| 7 | എറണാകുളം | 68 | 2500 | 10200/- | 3 | 38100/- |

| | | | | | | |
|---|---|---|---|---|---|---|
| 8 | തൃശ്ശൂർ | 77 | 2500 | 11550/- | 3 | 42150/- |
| 9 | പാലക്കാട് | 79 | 2500 | 11850/- | 3 | 43050/- |
| 10 | മലപ്പുറം | 97 | 2500 | 14550/- | 3 | 51150/- |
| 11 | കോഴിക്കോട് | 79 | 2500 | 11850/- | 3 | 43050/- |
| 12 | വയനാട് | 60 | 2500 | 9000/- | 3 | 34500/- |
| 13 | കണ്ണൂർ | 94 | 2500 | 14100/- | 3 | 49800/- |
| 14 | കാസർഗോഡ് | 58 | 2500 | 8700/- | 3 | 33600/- |
| | **ആകെ തുക** | **1012** | **35000** | **1,51,800/-** | **3** | **5,60,400/-** |

**(അഞ്ചു ലക്ഷത്തി അറുപതിനായിരത്തി നാനൂറു രൂപ മാത്രം)**

അവലോകനയോഗങ്ങളിൽ സ്കൂൾ കൗൺസിലർമാർക്ക് ക്ലാസ്സ് എടുക്കുന്ന വിഷയവിദഗ്ധർക്കുള്ള ഹോണറെറിയം സൂചന സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിലേയ്ക്ക് പ്രത്യേക ഉത്തരവ് സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. അതിനാൽ ഒരു ക്ലാസിനു പരമാവധി 1000/- രൂപ ക്രമത്തിൽ മൂന്നു ക്ലാസ്സുകൾക്കു 3000/- രൂപ വരെ ഒരു ജില്ലയ്ക്കു ചെലവഴിക്കാവുന്നതും ആയതു അനുവദിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കി തുക അനുവദിക്കുന്നതുമാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷം സൈക്കോസോഷ്യൽ പദ്ധതിക്കുള്ള 2235-02-102-62-01-34(03) എന്ന ശീർഷകത്തിൽ വകയിരുത്തി യിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

ടി തുക ജില്ല ഓഫീസർമാർ ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് BAMS മുഖേന കൈമാറേണ്ടതാണ്.

സൂചന (2) രണ്ടു പ്രകാരം നൽകിയിട്ടുള്ള മാർഗനിർദേശങ്ങൾ പ്രകാരം സ്കൂൾ കൗൺസിലർമാരുടെ അവലോകന യോഗം സംഘടിപ്പിക്കേണ്ടതും, ചെലവഴിച്ച തുക സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഓരോ ക്വാർട്ടറിലും നടത്തിയ റിവ്യൂ മീറ്റിംഗ് സംബന്ധിച്ച വിശദമായ റിപ്പോർട്ട്, മീറ്റിംഗ് സംഘടിപ്പിച്ചു 10 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാശിശു വികസന ഓഫിസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫിസർമാർക്കും
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫിസർമാർക്കും.
3. എല്ലാ സ്കൂൾ കൌൺസിലർമാർക്കും.
4. സൂപ്രണ്ട്, അക്കൗണ്ട് & ബിൽ സെക്ഷൻ
5. സൂപ്രണ്ട്, IT സെൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.